105 (2291) വടകരയിൽ സപ്ലൈകോ മാർക്കറ്റ്

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസിന്റെ ആഭിമുഖ്യത്തിൽ വടകരയിൽ ആരംഭിക്കാൻ തീരുമാനിച്ച സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) വടകരയിൽ സൂപ്പർ മാർക്കറ്റ് തുടങ്ങാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

106 (2292) ക്ഷീര വികസന നടപടികൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണത്തിനും ക്ഷീരവികസനത്തിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും ക്ഷീരകർഷകർക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന പദ്ധതിപ്രകാരം ഇതിനകം എത്ര കന്നുകാലികളേയും ക്ഷീരകർഷകരേയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിലേയ്ക്കുവേണ്ടി എന്തുതുകയാണ് ചെലവാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 28,850 കറവപശുക്കളേയും 52,066 കർഷകരേയും ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(സി) മൃഗസംരക്ഷണവകുപ്പിൽ നിന്നും തുകയൊന്നും ചെലവായിട്ടില്ല. പ്രീമിയം തുക ഗുണഭോക്തൃവിഹിതമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സബ്സിഡിയിനവും ചേർത്ത് 2,48,67,932 രൂപ ഇൻഷ്വറൻസ് കമ്പനിയിൽ അടച്ചിട്ടുണ്ട്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly